പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.879 | 25.01.2018-ൽ മറുപടിയ്ക്ക്

## ഈറ്റ വെട്ടുന്നതിന് പാസ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കാട്ടിനുള്ളിൽ നിന്ന് പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് ഈറ്റ വെട്ടുന്നതിന് ഇപ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ; | (എ) ഉണ്ട്. നിയമാനുസൃത നിയന്ത്രണങ്ങൾ മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈറ്റ വെട്ടുന്നതിനായി വനം വകുപ്പ് അനുവദിച്ചു പോന്ന പാസ്സിന് എത്ര രൂപയാണ് ഫീസ് ഈടാക്കി വന്നിരുന്നത്; ഈ പാസ്സ് ഇപ്പോൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; | (ബി) ഈറ്റ വെട്ടുന്നതിന് പരമ്പരാഗത തൊഴിലാളികൾക്ക് വനം വകുപ്പ് അനുവദിക്കുന്ന പാസ്സിന് വില ഈടാക്കാറില്ല. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മുമ്പാകെ മതിയായ രേഖകളോടെ അപേക്ഷ സമർപ്പിക്കുന്നവർക്ക് ഈറ്റ വെട്ടുന്നതിന് പാസ്സ് അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കുന്ന ഈറ്റയ്ക്ക് നിയമാനുസൃത വിലയും നികുതികളും ഈടാക്കാറുണ്ട്. |
| (സി) ചില റേഞ്ചുകളിൽ നിന്ന് പാസ്സ് അനുവദിക്കാത്തതു കാരണം ഈറ്റയുടെ ലഭ്യത കുറഞ്ഞതിനാൽ പാരമ്പര്യ ഈറ്റതൊഴിലാളികളുടെ ജീവിതം ദുരിതത്തിലാകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) വർക്കിംഗ് പ്ലാൻ നിർദ്ദേശ പ്രകാരം ഈറ്റ ശേഖരണത്തിന് അനുമതിയുള്ള പക്ഷം അർഹരായ അപേക്ഷകർക്ക് ഈറ്റ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ് - അയ്യങ്കാളി സ്മാരക ട്രസ്റ്റ് ഹാൻഡിക്രാഫ്റ്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫയൽ ചെയ്ത ഒ.പി. നമ്പർ 35002/02 ലെ 19.6.06 ലെ കോടതിവിധിയുടെ വെളിച്ചത്തിൽ ഈറ്റ/മുള/ചൂരൽ ശേഖരണവും വിതരണവും സംബന്ധിച്ച് പൊതുമാനദണ്ഡം നിർണ്ണയിച്ച് ഉത്തരവാകുന്നു.

---

## വനം-വന്യജീവി (ബി) വകുപ്പ്

ജി.ഒ.(ആർ.ടി) 33/08/വനം. തിരുവനന്തപുരം, തീയതി, 21.1.08

---

പരാമർശം :- 1) 19.8.04 ലെ സ.ഉ.(സാ)355/04/വനം. നമ്പർ ഉത്തരവ്.
2) 35002/02 ഒ.പി. യിലെ 19.6.06 ലെ കോടതിവിധി.
3) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ന്റെ 22.10.07 ലെ എഫ്.പാ.(4)–4714/03 നമ്പർ കത്ത്.

## ഉത്തരവ്

അയ്യങ്കാളി സ്മാരക ഹാന്റി ക്രാഫ്റ്റ് സൊസൈറ്റി അംഗങ്ങളായ പരമ്പരാഗത ഈറ്റ തൊഴിലാളികൾക്ക് അവരുടെ ആവശ്യത്തിന് ഈറ്റ ശേഖരിച്ച് തലച്ചുമടായി കൊണ്ടു പോകുന്നതിന് പാസ് നൽകിയിരുന്നു. എന്നാൽ, ഇത് ദുരുപയോഗം ചെയ്യുന്നതായും കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചതിനെത്തുടർന്ന് ഇതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. തുടർന്ന് ടി സൊസൈറ്റി ഇതിനെതിരെ സർക്കാരിൽ നിവേദനം നൽകിയിരുന്നു. ടി വിഷയം സർക്കാർ പരിശോധിക്കുകയും സൊസൈറ്റിയുടെ ആവശ്യത്തിനായി ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെടുവാൻ അറിയിക്കുകയും ചെയ്തു.

ഇതിനെതിരെ സൊസൈറ്റി 35002/02 എന്ന ഒ.പി. ഫയൽ ചെയ്യുകയും ആയത് 19.6.06 ൽ വിധിയാവുകയും ചെയ്തു. ടി കോടതിവിധിയുടെ വെളിച്ചത്തിൽ ഈറ്റ/മുള/ചൂരൽ ശേഖരണവും വിതരണവും സംബന്ധിച്ച് പൊതുമാനദണ്ഡം സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും പരാമർശം 3 പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ഇതുസംബന്ധിച്ച കരട് മാനദണ്ഡങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഒ.പി. നമ്പർ 35002/02 15.6.06 ലെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഈറ്റ, മുള, ചൂരൽ ശേഖരണവും വിതരണവും നടത്താവുന്നതാണ്.

1. ഗുണഭോക്താവ് പരമ്പരാഗത തൊഴിലാളിയും ഇവർ ഈറ്റ, മുള, ചൂരൽ എന്നിവയെ ആശ്രയിച്ചു കഴിയുന്നവരായിരിക്കണം.
2. ഇതിനായി പട്ടികവർഗ്ഗ/പട്ടികജാതി വകുപ്പിന്റെ താലൂക്ക് ലെവൽ ഓഫീസിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങി സമർപ്പിക്കേണ്ടതാണ്.
3. സീനിയറേജ് വാല്യുവിന്റെ 50% ഉം സീനിയറേജ് പാസിന്റെ വിലയും ഒടുക്കിയാൽ മാത്രമേ തലച്ചുമടായി വിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ.
4. പരമാവധി 2 ചുമട് ഈറ്റയും 5 മുളയും ഒരു കുടുംബത്തിന് ഓരോ ആഴ്ചയും നൽകുന്നതാണ്.
5. എന്നാൽ, ഗുണഭോക്താവ് മുള/ഈറ്റ/ചൂരൽ എന്നിവ വിൽക്കുകയോ ഇവ ശേഖരിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള വന സംബന്ധമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയോ ചെയ്താൽ വിതരണം നിർത്തി വയ്ക്കപ്പെടുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

കെ.ജി. പ്രസന്നകുമാരി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
5. സെക്രട്ടറി, അയ്യങ്കാളി സ്മാരക ഹാന്റിക്രാഫ്റ്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി,
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

## Abstract

Supply of reeds and bamboos to the members of the SC and ST and traditional workers at concessional rate - Sanctioned - Orders issued.

=====================================================

Forest & Wild Life (D) Department

G.O (MS) No. 26/2007/F&WLD.     Thiruvananthapuram, Dated : 24.5.2007.

=====================================================

Read 1 GO(Rt) No. 477/06/F&WLD dated 15.11.06

2 Letter No. Pro-4/6367/2006 dated 19.10.2006 and letter No. Pro-4-4107/06 dated 7.5.07 from the CCF (P), Thiruvananthapuram.

3 Recommendation of the Joint Committee to study the issue related to supply of reeds to KSBC.

## ORDER

In the circumstances reported by the Chief Conservator of Forests (P) in his letter read above and the recommendation of the Committee to study the issue related to the collection of reeds and bamboos, Government are pleased to accord sanction for supply of reeds and bamboos at concessional rates to the members of SC and ST and to traditional workers without affecting the collection of reeds by Kerala State Bamboo Corporation Limited as recommended by the Joint Committee constituted as per the GO read as first paper above. The allotment will be subject to the following terms and conditions :-

1 The supply of reeds and bamboos will be at 50% of the seigniorage rate plus taxes.

2 The supply of reeds will be allowed only on head load basis (30 numbers) bundle of and in case of bamboos as number of bamboos. In case of each family a maximum of two head loads of reeds and five full bamboos will be allowed per week for their bonafide consumption and for undertaking their traditional locations and to meet their small timber requirements for construction of sheds etc.

3 Traditional workers, small scale industries and members of Scheduled Caste / Schedule Tribe requiring pass should produce a Certificate from the

concerned Taluk level Officer of Scheduled Caste / Schedule Tribe Development Department certifying their eligibility and or similar authorities showing the annual requirement of each member/family. The Range Officers should maintain a register showing supplies made to each individual/family.

4. The Range Officer of the locality having the jurisdiction of the area will be authorised to collect price fixed and issue the seigniorage passes for transport.

5. The collection will be allowed under the direct supervision of the local Forest Guard/Foresters.

6. To each family to whom the reeds/bamboos are supplied, the Range Officer will issue an identity card.

7. The supply will be stopped in case any of the members to whom the reeds/bamboo were supplied are found to re-sell them as such or if he is found to be involved in any forest offence.

By Order of the Governor,
*L. Radhakrishnan,*
Secretary to Government.

The Principal Chief Conservator of Forests (P), Thiruvananthapuram
The Chief Conservator of Forests (E&TW), Thiruvananthapuram
The Chief Conservator of Forests (P), Thiruvananthapuram
The Managing Director, Kerala State Bamboo Corporation, Angamaly South, Ernakulam District
The Accountant General (A&E/Audit), Thiruvananthapuram.
The Finance Department (vide U.O. No. 33947/AW A1/07/Fin dated 9.5.07)
Scheduled Caste/Scheduled Tribe Development Department
Information & Public Relations Department
Stock file/Office copy

Copy to : PS to Minister (Forests)

Forwarded/By order,

Section Officer.

ശെരിപ്പകർപ്പ്